# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# PROFILE

| | |
|---|---|
| **Name of School** | **GHSS Pallikere** |
| **Land Phone number** | **04672273200** |
| **Year of establishment** | **1974** |
| **Name of Revenue Village/Ward** | **Kasaragod/Pallikara** |
| **Ward Number** | **27** |
| **Name of HM with Mobile number** | **SURESH K V** |
| | **9447651655** |
| **Name of Cluster (CRC)** | **GUPS Agasarahola** |
| **Education SubDistrict** | **Bekal** |
| **Education District** | **Kanhangad** |
| **Revenue District** | **Kasaragod** |
| **BRC** | **Bekal** |
| **CRC** | **GUPS Agasarahola, Kottakkunnu, Bekal** |
| **Name, Ward** | **Pallikkera, 18** |
| **Block Panchayath** | **Kanhangad** |
| **District Panchayath** | **Kasaragod** |
| **Thaluk** | **Hosdurg** |
| **Village** | **Pallikkera** |
| **E mail** | **12008pallikkare@gmail.com** |
| **School Blog** | **12008ghsss pallikkare.blogspot.in** |
| **School Wiki** | **www.schoolwiki.in** |
| **HSS Principal** | **Shenuka** |
| **School PTA President** | **Shanavas M** |
| **School MPTA President** | **Muneera** |
| **School SMC Chairman** | **BAbdul Sathar Thotty** |

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിൻ്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന്സംസ്ഥാന സർക്കാരിൻ്റെ നേതൃതത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യ ജ്ഞം നടപ്പിലാക്കിവരികയാണ്. ഇതിൻ്റെ ഭാഗമായി വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവും സാമൂഹികവുമായനിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

ഇക്കേരി വംശത്തിലെ രാജാവായിരുന്ന ശിവപ്പനായ്ക്കനാൽ നിർമ്മിതമായ ബേക്കൽകോട്ടയുടെ ചരിത്രസ്മരണകൾ നിറ ഞ്ഞ പശ്ചാത്തലത്തിൽ കിഴക്ക് സംസ്ഥാന ഹൈവേയുംപടിഞ്ഞാറ് ദക്ഷിണ റെയിൽവെയും അറബിക്കടലുമായി മനോഹരമാക്കിയ പ്രദേശമാണ് പള്ളിക്കരഗവ. ഹയർ സെക്കൻ്ററി വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പള്ളിയോട് ചേർന്ന് കുളമുള്ള ഇടം എന്നഅർത്ഥത്തിലാണ് കന്നട വാക്കായ കരെ യോട് പള്ളി എന്ന മലയാള വാക്ക് ചേർന്ന് പള്ളിക്കെരെഎന്ന പേരുണ്ടായത്. ബേക്കൽകോട്ട ഭരിച്ച ഇക്കേരിനായ്ക്കന്മാരുടെ ഭാഷയും സംസ്ക്കാരവും ഇന്നുംനിലനിൽക്കുന്നതിൻ്റെ തെളിവാണ് കന്നട ഭാഷ സംസാരിക്കുന്ന ജനവിഭാഗവും കന്നട മീഡിയംക്ലാസുകളും. നമ്മുടെ തൊട്ടടുത്ത പ്രദേശത്തായി കേന്ദ്ര സർവ്വകലാശാലയും നവോദയ വിദ്യാലയവുമുണ്ട്. പ്രശസ്ത സാഹിത്യകാരന്മാരായ മാപ്പിള കവി ടി ഉബൈദ്, റഹീം കടവത്ത്, നളിനിബേക്കൽ എന്നിവരെ കൂടാതെ മുൻ അറ്റോർണി ജനറൽ അഡ്വ. കെ കെ വേണുഗോപാൽ എന്നിവർപള്ളിക്കെരെയുടെ അഭിമാനമാണ്.

1974ൽ ഈ വിദ്യാലയം പിറവിയെടുക്കുമ്പോൾ കേവലം 50ൽ താഴെ മാത്രം വിദ്യാർത്ഥികളായിരുന്നുപഠിതാക്കളായി ചേർന്നത്. കെട്ടിടസൗകര്യത്തിൻ്റെ അപര്യാപ്തത,അധ്യാപക ക്ഷാമം എന്നിവ തുടക്കത്തിലേ വിദ്യാലയത്തെ സാരമായി ബാധിച്ചു. പീടിക വരാന്തയിൽതുടങ്ങിയ സ്ക്കൂളിന് ശാപമോക്ഷം കിട്ടിയത് പി ടി എയും നാട്ടുകാരും ചേർന്ന് നിർമ്മിച്ച താല്ക്കാലികഷെഡ്ഡിലാണ്. എന്നാൽ ഏറെ നാൾ കഴിയുമ്പോഴേക്കും ശക്തമായ കാറ്റിൽ താല്ക്കാലിക കെട്ടിടംനിലംപൊത്തുകയുണ്ടായി. സ്ക്കൂളിൻ്റെ ഭൗതിക പുരോഗതിക്ക് സഹായിച്ചവരിൽ എടുത്തുപറയേണ്ടവ്യക്തിത്വമാണ് ഡോ. പി. എ. ഇബ്രാഹിം ഹാജി. അദ്ദേഹം പിതാവായ ശ്രീ അബ്ദുള്ള അവർകളുടെസ്മരണാർത്ഥം 4 ക്ലാസ്സ് മുറികൾ നിർമ്മിച്ചു നല്കുകയുണ്ടായി. ഈ വിദ്യാലയത്തിൻ്റെ ആദ്യ എസ്.എസ്. എൽ. സി ബാച്ച് 1977 ലാണ് പൊതുപരീക്ഷ എഴുതിയത്. കെട്ടിട സൗകര്യക്കുറവുംഅധ്യാപക ക്ഷാമവും കാരണം ഒട്ടേറെ പ്രയാസങ്ങൾ നേരിട്ട ആ കാലത്ത് സാമൂഹികപ്രതിബദ്ധതയുള്ള പലരുടെയും ഇടപെടൽ സ്ക്കൂളിനെ നിലനിർത്താൻ വളരെ സഹായിച്ചിട്ടുണ്ട്.തദ്ദേശവാസികളിൽ പ്രമുഖരായ പലരും സ്ക്കൂളിനായി രണ്ടര ഏക്കർ സ്ഥലം

ലഭിക്കുന്നതിനുവേണ്ടി സമരം ചെയ്ത് അറസ്റ്റ് വരിച്ചു. എട്ട്, ഒൻപത്, പത്ത് ക്ലാസുകൾ മാത്രമുള്ള ഹൈസ്ക്കൂളായി പ്രവർത്തിച്ച്കൊണ്ടിരുന്ന ഈ വിദ്യാലയത്തെ 2004ൽ ഹയർ സെക്കൻററി സ്ക്കൂളാക്കി ഉയർത്തി.

നിലവാരത്തകർച്ചയിലായിരുന്നവിദ്യാലയം അടുത്തകാലത്തായി പഠനത്തിലുംപാഠ്യേതര പ്രവർത്തനങ്ങളിലും ബഹുദൂരം മുന്നിലാണ്. ഹൈസ്ക്കൂൾ, ഹയർസെക്കൻററി വിഭാഗങ്ങളിൽഭൗതികരംഗത്തും അക്കാദമികരംഗത്തും സാമൂഹികരംഗത്തും ഒട്ടേറെ മുന്നേറ്റങ്ങൾ ഉണ്ടാകുമെന്ന്നമ്മൾ പ്രതീക്ഷിക്കുന്നു. വിദ്യാലയങ്ങളെല്ലാം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ളപ്രവർത്തനങ്ങൾ കേരളമെമ്പാടും നടന്നുവരുന്ന ഈ വേളയിൽ നമ്മുടെ വിദ്യാലയത്തെ അതിൻെറപൂർണ്ണതയിലെത്തിക്കേണ്ടത് നാം ഓരോരുത്തരുടേയും ഉത്തരവാദിത്യമാണെന്ന് മനസ്സിലാക്കിഒറ്റക്കെട്ടായി കൈയും മെയ്യും മറന്ന് ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണ് വന്നിരിക്കുന്നത്.

സ്ക്കൂൾ കോംപ്ലക്സ് സംവിധാനത്തിൻെറ പ്രാഥമിക രൂപത്തിൽ പ്രവർത്തിക്കുന്നപള്ളിക്കര ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്ക്കൂൾ; ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി സ്ക്കൂൾഎന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. ഹൈസ്ക്കൂൾ വിഭാഗം, പ്രഥമാധ്യാപകൻെറകീഴിൽ പ്രവർത്തിക്കുന്നു. ആകെ 701 വിദ്യാർത്ഥികൾ ഇവിടെ അധ്യയനം ചെയ്യുന്നു.

2024-25 അധ്യയന വർഷത്തിൽ വിദ്യാലയത്തിൽ അധ്യയനം നടത്തുന്ന വിദ്യാർത്ഥികളുടെസ്ഥിതിവിവരപ്പട്ടിക താഴെ ചേർക്കുന്നു.

ലക്ഷ്യങ്ങൾ

• എട്ടാം ക്ലാസ്സ് മുതൽ 12 വരെ ഒ ാരോ ക്ലാസ്സിലും കുട്ടികൾ അന്താരാഷ്ട്രനിലവാരമുള്ള ധാരണകളും കഴിവുകളും നേ ടിയിട്ടുണ്ടെ ന്ന് ഉറപ്പ് വരുത്തുക.

• കുട്ടിയുടെ കഴിവ് കേ വലം പഠന വിഷയത്തിൽ മാത്രം ഒതുക്കാതെ സർഗ്ഗപരമായഎല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുകവഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

• മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയ ോഗം പുതിയ തലമുറയിൽ നിന്ന്ഒഴിവാക്കാവുന്ന തരത്തിൽ ഇടപെ ടലുകൾ നടത്തുക.

• പ്ലാസ്റ്റിക്ക് മുക്ത- കീടനാശിനി മുക്ത- ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.

• ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി

വികസിപ്പിച്ചെടുത്തവഴി പ്രകൃതിക്കിണങ്ങിയ മാതൃകാതുരുത്തുകൾ സൃഷ്ടിക്കുക.

• പിന്ന ോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേ ക പരിഗണന നൽകിമുഖ്യധാരയിൽ എത്തിക്കുക.

•വിദ്യാഭ്യാസത്തിൻെറജനാധിപത്യവൽക്കരണം
അർത്ഥപൂർണ്ണമാക്കുക.

• ഏറ്റവും നല്ല വിദ്യാഭ്യാസം ഉറപ്പാക്കുക.

• ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പ് നൽകി വിദ്യാലയത്തെ മികവിൻെ
റ

കേ ന്ദ്രമാക്കുക.

• എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേ ടേണ്ട പഠന ശേ ഷികൾ കൈവരിച്ചുഎന്ന് ഉറപ്പാക്കൽ.

•കുട്ടിയുടെ സർഗ്ഗപരവും അക്കാദമികവും കായികപരവും മാനസികവുമായകഴിവുകളെ പരമാവധി പ്ര ോത്സാഹിപ്പിക്കൽ.

• ഭാഷാപരമായ നൈപുണ്യം വികസിപ്പിക്കൽ.

• ആശയവിനിമയത്തിനുള്ള ശേ ഷി കാര്യക്ഷമമാക്കാൻ എല്ലാ കുട്ടികളുടെ യും പഠനരീതി, പഠന വേ ഗത, പഠന വൈഭവം എന്നിവ കണ്ടെ ത്തിപഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.

**• വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ഉപയ ോഗത്തിലൂടെ കുട്ടികളെല ോകനിലവാരത്തിൽ ഉയർത്തൽ.**

**• മികച്ച വിദ്യാഭ്യാസം നൽകിക്ക ൊണ്ട് മുഴുവൻ കുട്ടികളെ യും സ്ക്കൂളിലേക്ക് ആകർഷിക്കൽ.**

• സ്ക്കൂൾ തലത്തിൽ കുട്ടികളുടെ ക ൊഴിഞ്ഞുപ ോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുക.

• പുതിയ തലമുറയിൽ കൃഷിയ ോടുള്ള താത്പര്യം വളർത്തിയെ ടുക്കുക.

• Talent Lab എന്ന ആശയം നടപ്പിലാക്കുക.

• മുഴുവൻ ക്ലാസ്സുകളിലും ICT സാധ്യത ഉറപ്പുവരുത്തുക.

• ഗവേ ഷണാത്മക അധ്യാപനത്തിനും ഗവേ ഷണാത്മക പഠനത്തിനും

അവസരമ ൊരുക്കുക.

• ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമികതയ്യാറെ ടുപ്പുകളും ഉണ്ടാക്കുക.

## നിലവിൽ സ്ക്കൂൾ നേരിടുന്ന പരിമിതികൾ

1. പഠനനേട്ടങ്ങൾ അതിൻെറ ഉയർന്ന തലങ്ങളിൽ എത്താത്തത്.

2. അടിസ്ഥാന ഭാഷാശേഷിയും ഗണിതശേഷിയുംമുഴുവൻ കുട്ടികളിലും എത്താത്തത്.

3. കുട്ടികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ.

4. കൗമാരപ്രായക്കാരായ കുട്ടികളിൽ സ്വാഭാവികമായും കാണപ്പെടുന്ന പിരിമുറുക്കം.

5. ഗൃഹാന്തരീക്ഷത്തിലെ പിന്നോക്കാവസ്ഥ.

6. കുട്ടികൾക്ക് നേരനുഭവങ്ങൾ പൂർണ്ണമായും സാധ്യമാകുന്നില്ല.

7. പഠനോപകരണങ്ങളുടെ അപര്യാപ്തത-- പരീക്ഷണ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കുംഅധ്യാപകർക്കും ഏറ്റെടുത്ത് നടത്താനുള്ള സാഹചര്യമില്ലാത്ത അവസ്ഥ.

8. സ്ക്കൂൾ പരിസരം ഒരു പാഠശാലയായി മാറാത്ത അവസ്ഥ.

# അധ്യാപകരും വിവരങ്ങളും 2025-26

| | അധ്യാപകൻ്റെ പേര് | സബ്ജക്ട് കൗൺസിൽ | ക്ലബ് ചുമതല |
|---|---|---|---|
| 1 | SURESH K V | HEADMASTER | HEAD MASTER |
| 2 | SHYNA K | MALAYALAM | SENIOR ASSISTANT |
| 3 | YAMINI V V | MATHS | SRG CONVENER |
| 4 | MAKESH V M | MATHS[K] | STAFF SECRETARY |
| 5 | PREETHIKA C | ENGLISH | |
| 6 | PUSHPA VENI PR | PHYSICAL SCIENCE[K] | TEXT BOOK |
| 7 | VISWANATHA K N | KANNADA | KANNADA SUBJECT CONVENER |
| 8 | SATHI R K | HINDI | INCLUSIVE EDUCATION |
| 9 | DIJOY VV | ENGLISH | |
| 10 | MANJULA A | MALAYALAM | VIDHYA RANGHAM |
| 11 | SRUTHI NARAYANAN | ENGLISH | |
| 12 | AMINA I P | SOCIAL SCIENCE | SS SUBJECT CONVENER |
| 12 | RASHID P | SOCIAL SCIENCE | SSSSS |
| 13 | RAJALAKSHMI B | SOCIAL SCIENCE[K] | |
| 14 | SUSHAMA V | MATHS | SCHOLARSHIP |
| 15 | RESMIKRISHNAN S | NATURAL SCIENCE | HEALTH CLUB,LITTLE KITES ADOLESCENCE |
| 16 | SUHAILA PC | MATHS | TIME TABLE,MATHS CLUB |
| 17 | PRASEETHA P | NATURAL SCIENCE | SITC,LITTLE KITES |
| 18 | SALINI P | HINDI | HINDI SUBJECT COUNCIL |
| 19 | LIJI N V | SOCIAL SCIENCE | SEED ECO CLUB |
| 20 | VASANTHARAJ K | MATHS | JRC |
| 21 | RAJITHA V | PHY SCIENCE | SCIENCE LAB,s |
| 22 | MISIRIYA KV | ARABIC | ARABIC CLUB |
| 23 | HIMA V | PHY SCIENCE | SCIENCE CLUB,SASTRA RANGAM, |
| 24 | AYOOB T | SOCIAL SCIENCE | SS CLUB |
| 25 | MAYADEVI K | PHY SCIENCE | DOCUMENTATION |
| 26 | KUNHIRAMAN AV | PET | SPORTS CONVENOR |

## 2025-26 അക്കാദമിക വർഷത്തെ പ്രധാന ചാർജുകൾ

| | ചാർജിൻെ റ പേ ര് | അധ്യാപകൻെ റ പേ ര് |
|---|---|---|
| 1 | HEADMASTER | SURESH K V |
| 2 | SENIOR  ASSISTANT | SHYNA KV |
| 3 | SRG CONVENOR | YAMINI VV |
| 4 | SITC | PRASEETHA |
| 5 | JOINT SITC | RESMI KRISHNAN S |
| 6 | NOON MEAL | MAKESH V M |
| 7 | TEXT BOOK SOCIETY | PUSHPAVENI P R |
| 8 | LIBRARY | MANJULA V |
| 9 | LITTLE KITES | PRESEETHA RESMI KRISHNAN S |
| 10 | YOUTH FESTIVAL | RASHID P |
| 11 | SPORTS MEET | KUNHIRAMAN AV |
| 12 | LABORATORY | RAJITHA V |
| 13 | EXCURSION | RASHID P |
| 14 | ECO CLUB | LIJI NV |
| 15 | VIDYARANGAM | MANJULA A |
| 16 | HEALTH CLUB | RESMI KRISHNAN S |
| 17 | JUNIOR RED CROSS | SATHI R K |
| 18 | SOCIAL SERVICE SCHEME | RASHID P |
| 19 | ELECTION | LIJI N V |
| 20 | WORK EXPERIANCE | SHALINI P, RAJALALKSHMI B |
| 21 | SASTHARANGAM | HIMA V |
| 22 | ANTI NARCOTIC CLUB | MAKESH VM, RESMI KRISHNAN S |
| 23 | ADOLESCENT CLUB | RESMI KRISHNAN S |
| 24 | DOCUMENTATION | SHAFI RAFEEQUE |
| 25 | SEED CLUB | LIJI NV |
| 26 | SRADDHA | YAMINI VV |
| 27 | SCHOLARSHIP | SUSHAMA V |
| 28 | TIME TABLE | SUHAILA PC |

## ഭിന്നശേ ഷി കുട്ടികളുടെ പട്ടിക

| CLASS | VI | HI | MR | AUTISM | പഠനപിന്ന ോക്കം | അംഗപരിമിതി | TOTAL |
|---|---|---|---|---|---|---|---|
| 8 | | | 2 | | | 2 | 4 |
| 9 | | | 2 | | | 1 | 3 |
| 10 | | | 2 | | | - | 2 |
| ആകെ | | | 6 | | | 3 | 9 |

## കുട്ടികളുടെ പഠനനിലവാരം

വിദ്യാലയാരംഭത്തിൽ പള്ളിക്കരയിലെ വൈവിധ്യമാർന്ന സാമൂഹികാന്തരീക്ഷത്തിലും സാംസ്കാരികസാമ്പത്തിക പശ്ചാത്തലത്തിലും ഉള്ള കുട്ടികൾ ഈ വിദ്യാലയത്തിൽ അധ്യയനം നടത്തിയിരുന്നു.എന്നാൽ ഇന്ന് പള്ളിക്കരയിലെ സാമ്പത്തിക പിന്നോക്കാവസ്ഥഅനുഭവിക്കുന്നവരുടെയുംമത്സ്യത്തൊഴിലാളികളുടെയും കുട്ടികളാണ് സഹവിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ഈ സ്ക്കൂളിലെ വിദ്യാർത്ഥികൾ. മോശം കുടുംബാന്തരീക്ഷം, സാമ്പത്തിക സ്ഥിതി, പള്ളിക്കരയിലെപുതുതലമുറയിൽ കണ്ടുവരുന്ന അപകടകരമായ ചില ദുഃസ്വഭാവങ്ങൾ എന്നിവയൊക്കെയും ഈവിദ്യാലയത്തിലെ പഠിതാക്കളുടെ പഠനനിലവാരത്തെ സാരമായി ബാധിച്ചിരിക്കുന്നു.രക്ഷിതാക്കളിൽ ഭൂരിപക്ഷവും മക്കളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നവരുമല്ല എന്ന സത്യം പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഭൂരിഭാഗം പേരും സ്ക്കൂളിൽ മക്കളെ അയക്കുന്നത് ആസമയം മക്കൾ അവിടെ സുരക്ഷിതരായിരിക്കും എന്നതിനാലും അവർക്ക് ഭക്ഷണം ലഭിക്കുംഎന്നതിനാലുമാണ്. ശിഥിലമായ കുടുംബാന്തരീക്ഷം, രക്ഷിതാക്കളുടെ മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം എന്നിവയും കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

എങ്കിലും മാറിവരുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രംഗം പള്ളിക്കരയുടെവിദ്യാഭ്യാസ പ്രക്രിയയിലും ഏറെ സ്വാധീനിക്കുകയും തദ്വാരാ കുട്ടികൾക്ക് വന്ന മികവ് തുടർച്ചയായരണ്ട് വർഷങ്ങളിലെ എസ്. എസ്. എൽ. സി ഫലം വിളിച്ചറിയിക്കുന്നു.

## വിവിധ വർഷങ്ങളിലെ പത്താം തരം പരീക്ഷാഫലം

| YEAR RESULT | (%) No | No. OF FULL A+ HOLDER |
|---|---|---|
| 2018 -19 | 98 | NIL |
| 2019-20 | 99 | 1 |
| 2020-21 | 97 | 11 |
| 2021-22 | 100 | 2 |
| 2022-23 | 100 | 4s |
| 2023-24 | 1OO | 5 |
| 2024-25 | 1OO | 9 |

-

അധ്യാപകരും രക്ഷാകർത്തൃസമിതിയും സ്ക്കൂൾ മാനേജ്മെൻറ് കമ്മിറ്റിയും ജാഗ്രതാസമിതിയും ഈ പ്രതിബന്ധങ്ങളെ മറികടക്കുന്നതിന് കിണ ഞ്ഞു ശ്രമിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി മുക്തി നേടാൻകഴിഞ്ഞിട്ടില്ല. കന്നട വിഭാഗത്തിലെകുട്ടികളിൽമലയാളംമാതൃഭാഷയല്ലാത്തതിനാലും,അടിസ്ഥാനഭാഷാശേഷികളും ഗണിതനൈപുണികളും ഉറക്കാത്ത അവസ്ഥ കുട്ടികളിൽ നല്ലൊരുവിഭാഗത്തിനുണ്ട്. കുട്ടികൾക്ക് ആസ്വാദ്യകരമായ നിരവധി പ്രവർത്തനങ്ങളിലൂടെ ഇതുപരിഹരിക്കാൻ തീവ്രമായി ശ്രമിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്താനുള്ളപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മേൽ സൂചിപ്പിച്ച വൈതരണികൾ മറികടക്കാനുള്ളപ്രവർത്തനങ്ങൾക്കാണ് ആദ്യം മുൻതൂക്കം നൽകേണ്ടത്.

## ഭൗതിക സാഹചര്യങ്ങൾ-നിലവിലെ അവസ്ഥ

ഹൈസ്ക്കൂളിന് ഇരുനിലയുള്ള ഒരു പ്രധാന കെട്ടിടവും, 7 അനുബന്ധ കെട്ടിടങ്ങളും ആണുള്ളത്.

പള്ളിക്കര ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്ക്കുളിന് നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ചുവടെരേഖപ്പെടുത്തുന്നു.

ഇരുനിലകളിലായി പ്രവർത്തിക്കുന്ന 8 ക്ലാസ്സ് റൂമുകൾ ഉൾപ്പെടുന്ന MLA ഫണ്ട് ഉപയോഗിച്ച്നിർമ്മിച്ച കെട്ടിടം

സുനാമി ഫണ്ടിൽ നിർമ്മിച്ച സ്റ്റാഫ് റൂം, ലാബ്, ഓഫീസ്, ഹെൽത്ത് റൂംഎന്നിവ ഉൾപ്പെടുന്ന കെട്ടിടം

ലാബും ലൈബ്രറിയും താത്കാലികമായി 2 മുറി കെട്ടിടം.

നാല്ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്ന അബ്ദുള്ള ഹാജി മെമ്മോറിയൽ കെട്ടിടം

2 ക്ലാസ്സ് മുറികൾപ്രവർത്തിക്കുന്ന ഒരു സെമി പെർമനെൻറ് കെട്ടിടം, 2 ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്നകോൺക്രീറ്റ് കെട്ടിടം

2 ക്ലാസ്സ മുറികളും കഞ്ഞിപ്പുരയും പ്രവർത്തിക്കുന്ന ഓടിട്ട കെട്ടിടം

7ക്ലാസ്സ മുറികൾ പ്രവർത്തിക്കുന്ന പ്ലസ് ടൂ ബ്ലോക്ക്

എന്നിവയാണ് നിലവിൽ ഹൈസ്ക്കൂൾ വിഭാഗംഉപയോഗപ്പെടുത്തുന്ന കെട്ടിട സൗകര്യം.കെട്ടിടങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിട്ടില്ല എന്നതും ഓരോ കെട്ടിടത്തിൻെറയുംപൂമുഖം വിപരീത ദിശയിലേക്കാണ് എന്നതും ഈ വിദ്യാലയത്തിൻെറ ഒരു പ്രധാനപോരായ്മയാണ്. ഭൂരിഭാഗം വിദ്യാർത്ഥികളും അധ്യയനം നടത്തുന്ന കെട്ടിടം അധ്യാപകരുടേയോഓഫീസിൻെറയോ നിരീക്ഷണത്തിൽ വരുന്നില്ല എന്നതിനാൽ അവർ പലപ്പോഴുംഅച്ചടക്കമില്ലാത്തവരാകുന്നു.പ്രധാനകെട്ടിടം മാത്രമേ സുരക്ഷിതമായിട്ടുള്ളൂ. അനുബന്ധ കെട്ടിടങ്ങൾ പലതും ഭാഗികമായി മാത്രം കെട്ടിമറച്ചവയാണ്. പല ക്ലാസുകളും ഈ കെട്ടിടത്തിലാണ്പ്രവർത്തിക്കുന്നത്. സ്റ്റുഡൻസ് കൗൺസിലറുടെ മുറിയും നിലവിൽ ആവശ്യത്തിനുസൗകര്യങ്ങൾ ഇല്ല എന്നതും ഒരു പ്രധാന പോരായ്മയാണ്.പ്രധാനകെട്ടിടം മാത്രമേ സുരക്ഷിതമായിട്ടുള്ളൂ എന്നതിനാൽ വിദ്യാലയത്തിലെഅനുബന്ധ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഇവിടെയാണ് ഒരുക്കിയിട്ടുള്ളത്. എങ്കിലുംലൈബ്രറിയും ലാബുമെല്ലാം ഇനിയും വളരെയധികം പരാധീനതകളിൽ വലയുകയാണ്. ക്ലാസ്സുറികളിൽ മിക്കതും അടച്ചുറപ്പില്ലാത്തതിനാൽ ക്ലാസ്സ് ലൈബ്രറികൾ സജ്ജീകരിക്കാനുംകുട്ടികളുടെ പഠനരേഖകൾ സൂക്ഷുക്കുന്നതിനും ഇതുതടസ്സമാകുന്നു.ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സൗകര്യമുള്ള റാമ്പ്, റെയിൽ എന്നീസംവിധാനങ്ങൾ വിദ്യാലയത്തിൽ പ്രവർത്തനസജ്ജമാണ്. കുടിവെള്ള വിതരണത്തിൽവിദ്യാലയത്തിൽ ആവശ്യത്തിന് സൗകര്യങ്ങളില്ല. ക്ലാസ്സ മുറികളിൽ കുട്ടികൾക്ക് ശുദ്ധജലംലഭ്യമാക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

**ശൗചാലയം**

വിദ്യാലയത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ശൗചാലയങ്ങൾപണിതിട്ടിട്ടുണ്ട്. ശാരീരിക പരിമിതികൾ/ വൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് അഡാപ്റ്റഡ്ടോയ്ലറ്റും വിദ്യാലയത്തിൽ ഇൻസിനേറ്റർ സ്ഥാപിച്ച ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റുകൾസ്ഥാപിച്ചിട്ടില്ല.

## വിദ്യാലയത്തിലെ എെ ടി അനുബന്ധ സംവിധാനങ്ങൾ

വിദ്യാലയത്തിനു അത്യാവശ്യം വേണ്ടുന്ന എെ ടി ഉപകരണങ്ങൾലഭ്യമാണെങ്കിലും ഹൈസ്ക്കൂൾ തലത്തിൽ എെ ടി അനുബന്ധ പ്രവർത്തനങ്ങൾഅനുപേക്ഷണീയമാകയാൽ പലപ്പോഴും HS വിദ്യാർത്ഥികൾക്ക് അനുയോജ്യമാം വിധം അവപ്രയോജനപ്പെടുത്താൻ കഴിയാതെ വരുന്നു. എെ ടി ലാബ്, സൗകര്യപ്രദമാക്കാൻ ഉതകുന്നരീതിയിൽ വലിപ്പമുള്ളതല്ല. ഈ മേഖലയിൽ HS വിഭാഗം അധ്യാപകർക്ക്

ആവശ്യമായപരിശീലനവും പ്രത്യേക ലാബും സജ്ജമാക്കിയാൽ മാത്രമേ ഈ പോരായ്മ പരിഹരിക്കാൻകഴിയൂ.

ഹയർസെക്കണ്ടറി ലാബ് ഇപ്പോഴും HS ക്ലാസ്സ് മുറിയുമായി ബന്ധപ്പെട്ട്നടത്തുകയാണ്. HSS വിഭാഗത്തിന് കെട്ടിടസൗകര്യമുണ്ടായിട്ടും ലാബ് മാറ്റാൻ electrification തടസ്സമായിട്ടുണ്ട്. ഈ മുറി ലഭ്യമാകുകയാണെങ്കിൽ കുറെക്കൂടി സൗകര്യമുണ്ടാകുമായി

| വിദ്യാലയത്തിലെ എെ ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ | | |
|---|---|---|
| **വിഭാഗം** | **നിലവിലുള്ളത്** | **ഇനി വേ ണ്ടത്** |
| **കമ്പ്യൂട്ടർ- ഡസ്ക്ടോപ്പ്** | | |
| **ലാപ്പ് ടോപ്പ്** | | |
| **പ്രൊജക്ടർ- എൽ സി ഡി** | | |
| **റേഡിയോ** | ഇല്ല - | |
| ടി വി | ഇല്ല - | |
| വിക്ടർചാനലിൻെറ ലഭ്യത | ഒാൺലൈൻ | ലഭ്യമാകാൻ കേബിൾ ൺകണക്ഷൻ |
| ഡി വി ഡി പ്ലെയർ | ഇല്ല - | ടെലിവിഷനിൽ കണക്റ്റ് ചെയ്ത പ്രർത്തിക്കാൻ പ്രത്യേക ഡി.വി.ഡി പ്ലയർ |
| വിദ്യാലയത്തിനു സ്വന്തമായി വെബ്സൈറ്റ് | ഇല്ല - | വെബ്സൈറ്റ് |
| ബ്ലോഗ് | ഉണ്ട് | |
| ഇ-മെയിൽ ID | ഉണ്ട് | |
| സ്മാർട്ട് ക്ലാസ്സ് റൂം | ഉണ്ട് | |
| ഇൻററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല - | 5 |
| ഇൻറർനെറ്റ് കണക്ഷൻ | ഉണ്ട് | |

## <u>സാമൂഹിക പങ്കാളിത്തം</u>

വിദ്യാലയത്തിൽ പി ടി എ, എം പി ടി എ, എസ് എം സി, എസ് ആർ ജി, സ്ക്കൂൾവികസന സമിതി എന്നിവ പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യ പങ്കാളിത്തം വിദ്യാലയത്തിൻെറദൈനംദിന പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്താൻ ഈ സമിതികൾ സഹായകമാകുന്നുണ്ട്. എങ്കിലുംവിദ്യാലയത്തിൻെറ പഠനപിന്നോക്കാവസ്ഥ ഇനിയും

പരിഹരിക്കാൻ ഇവയുടെ പ്രവർത്തനം കൂടുതൽമെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ക്ലബ് പ്രവർത്തനങ്ങൾ, ലാബ് പ്രവർത്തനങ്ങൾ എല്ലാം കൂടുതൽകാര്യക്ഷമമാക്കുക വഴി വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ കഴിയും.കഴിഞ്ഞ അദ്ധ്യയനവർഷം വിദ്യാർത്ഥികളുടെ യൂണിഫോം വിതരണം, പുസ്തകവിതരണം എന്നിവയെല്ലാം സാമൂഹിക പങ്കാളിത്തത്തോടെവിജയിപ്പിക്കാൻകഴിഞ്ഞു.വിദ്യാർത്ഥികൾക്കൊപ്പം നിന്ന് സ്ക്കൂൾ ശുചീകരണ പ്രവർത്തനങ്ങളിൽ, ദിനാചരണങ്ങളിൽ എല്ലാംവിദ്യാലയത്തിൽ പ്രവർത്തിക്കുന്ന സമിതികൾ സജീവമായി പങ്കെടുക്കുന്നു. വിദ്യാലയത്തിൽപാർലമെൻറ് സംവിധാനത്തിലുള്ള കുട്ടികളുടെ സഭ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനംകൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

**വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ**

| വിഭാഗം | നിലവിലെ അവസ്ഥ (കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ) |
|---|---|
| SUBJECT COUNCIL | ആഴ്ചതോറും ഹൈസ്ക്കൂൾ വിഭാഗം അദ്ധ്യാപകരോടൊപ്പം സബ്ജക്ട് |
| S R G | ആഴ്ച 2. അവലോകനം, ആസൂത്രണം എന്നിവ നടത്തുന്നു |
| P T A | സുസജ്ജം. നിരവധി ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നു |
| M P T A | നിരവധി ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നു |
| S M C | രൂപീകൃതം. പ്രവർത്തനങ്ങൾ മെച്ചമല്ല |
| G SS | രൂപീകൃതം. പ്രവർത്തനങ്ങൾ മെച്ചമല്ല |
| സ്ക്കൂൾ വികസന സമിതി | സുസജ്ജം. പ്രവർത്തനക്ഷമം |
| സമഗ്രഗുണമേന്മ സ്കൂൾ സമിതി | രൂപീകൃതം. പ്രവർത്തനങ്ങൾ ആരംഭിച്ചു |

**സംവിധാനങ്ങൾ- നിലവിലെ അവസ്ഥ**

**വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ**

**സംവിധാനങ്ങൾ- നിലവിലെ അവസ്ഥ**

| **വിഭാഗം** | **നിലവിലെ അവസ്ഥ** |
|---|---|
| **ക്ലബ് പ്രവർത്തനങ്ങൾ** | |
| ഗണിത ക്ലബ് | പ്രവർത്തിക്കുന്നു |
| സാമൂഹ്യശാസ്ത്ര ക്ലബ് | പ്രവർത്തിക്കുന്നു |
| ശാസ്ത്ര ക്ലബ് | പ്രവർത്തിക്കുന്നു |
| ഇക്കോ ക്ലബ് | പ്രവർത്തിക്കുന്നു |
| IT ക്ലബ് | പ്രവർത്തിക്കുന്നു |
| WE ക്ലബ് | പ്രവർത്തിക്കുന്നു |
| **ലൈബ്രറി** | പ്രവർത്തിക്കുന്നു |
| ലാബ് പ്രവർത്തനങ്ങൾ | |
| കമ്പ്യൂട്ടർ ലാബ് | പ്രവർത്തിക്കുന്നു |
| സയൻസ് ലാബ് | പ്രവർത്തിക്കുന്നു |
| സാമൂഹ്യശാസ്ത്ര ലാബ് | ഇല്ല |
| ഗണിത ലാബ് | ഇല്ല |
| ലാംഗേജ് ലാബ് | ഇല്ല |
| മറ്റുള്ളവ | പാഠ്യാനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ, മാതൃകകൾനിർമ്മാണം, പ്രവ ൃത്തിപരിചയ പരിശീലനം |

## അദ്ധ്യായം 2

## വിദ്യാലയ വികസന കാഴ്ചപ്പാട്

2018-19 അധ്യയന വർഷം മുതൽ തുടർച്ചയായി അ ഞ്ച് അധ്യയന വർഷങ്ങളിലൂടെപുരോഗമിച്ച് വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും പഠനനിലവാരം, ഭൗതിക സാഹചര്യങ്ങൾ,സാമൂഹിക പങ്കാളിത്തം എന്നിവ കൂടുതൽ മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ളവിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ വിദ്യാലയത്തിൻെറ വികസന കാഴ്ചപ്പാട്. ആയതിനാൽതന്നെ അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളെ ഈ വികസന രേഖയിൽ ഉൾപ്പെടുത്തുന്നു.

# അക്കാദമികം

**ഭാഷ**

**മലയാളം/കന്നട**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും മാതൃഭാഷയിലുള്ള എഴുത്തും വായനയും അഭ്യസിപ്പിക്കൽ<br><br>കുട്ടികളിൽ ഭാഷാശേഷി വർധിപ്പിക്കൽ | അക്ഷര കാർഡ്<br><br>ഭാഷാകേളികളിലൂടെ കുട്ടികളിൽ ഭാഷാനൈപുണി വളർത്തിയെടുക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ<br><br>1. ഉപന്യാസം തയ്യാറാക്കൽ<br>2. നാടകീകരണം<br>3. വായനാമുറി<br>4. ചാർട്ട് പ്രദർശനം<br>5. നിഘണ്ടു നിർമ്മാണം<br>6. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ | ഭാഷാക്ലാസ്, വിദ്യാരംഗം ഭാഷാധ്യാപകൻ<br><br>ഭാഷാധ്യാപകൻ, ഭാഷാക്ലാസ്, വിദ്യാരംഗം | നിരന്തര പ്രവർത്തനം | PTA |
| വിവിധ രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന് | • സ്ക്കൂൾതല മേളകൾ<br>• വിവിധതരം മത്സരങ്ങൾ<br>2. പത്രവാർത്ത തയ്യാറാക്കൽ മത്സരം<br>3. വർണ്ണന, നാടകരചനാ മത്സരം<br>4. തിരക്കഥാ രചനാ മത്സരം<br>5. മാഗസിൻ | വിദ്യാരംഗം, ഭാഷാധ്യാപകൻ | വർഷത്തിൽ 1തവണ | PTA |
| കുട്ടിയെ മികച്ച വായനക്കാരനാ | 1. സ്ക്കൂൾ ലൈബ്രറി നവീകരിക്കൽ<br>2. സമീപ ഗ്രന്ഥശാല അംഗത്വം | വിദ്യാരംഗം, ഭാഷാധ്യാപകൻ | 6 മാസം | PTA |

| | | | | |
|---|---|---|---|---|
| ക്കുക | 3. വായനോത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. പുസ്തക ചർച്ച<br>6. വായനാനുഭവം<br>7. വായനക്കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>9. ദിനാചരണം<br>10.ഇൗ- വായന<br>11.ആനുകാലിക പ്രസിദ്ധീകരണങ്ങളും | | | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലനം<br>2. വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ/ വീഡിയോ എന്നിവ കേൾപ്പിക്കുക<br>4. പ്രസംഗാവതരണത്തിനുള്ള വേദികൾ സജ്ജീകരിക്കൽ | ഭാഷാധ്യാപകൻ | 6 മാസം | PTA |
| ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടു കൊണ്ടുവരുന്നതിനുള്ള പരിപാടികൾ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. നിഘണ്ടു നിർമ്മാണം<br>5. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | ഭാഷാധ്യാപകൻ | 2 മാസം | PTA |
| ഭിന്നശേഷി വികസനത്തിനായി ആധുനിക | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ/വീഡിയോ പ്രദർശനം, ഇൗ-വായന | ഭാഷാധ്യാപകൻ | അനുയോജ്യമായ അവസരങ്ങളിൽ | PTA |

| | | | | |
|---|---|---|---|---|
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ (ICT) പരമാവധി പ്രയോജന പ്പെടു ത്തുക. | | | | |
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ സാഹിത്യ ക്വിസ്- രചനാ ശില്പശാല (കവിത, കഥ) കവിതാലാപന മത്സരം ക്ലാസ് തല, സ്കൂൾ തല പത്രം പ്രസിദ്ധീകരിക്ക ൽ പുസ്തക ചർച്ച, പുസ്തകാസ്വാദനം , ഇൗ- വായന | ഭാഷാധ്യാപക ൻ | വർഷത്തിൽ 1തവണ<br><br>മാസത്തിൽ 1 തവണ<br><br>മാസത്തിൽ 1 തവണ<br><br>മാസത്തിൽ 1 | PTA |

## <u>അറബിക്</u>

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | <u>SUPPORT</u> |
|---|---|---|---|---|
| **വായന കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക,** | **അറബിക് ലൈബ്രറി ശാക്തീകരണം. അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായനാ കോർണർ സ്ഥാപിക്കുന്നു** | **6 മാസം. ജൂൺ- നവംബർ** | **സ്ക്കൂൾ ലൈബ്രറി പുസ്തകങ്ങൾ** | **ബി. ആർ. സി, ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ , സ്പോൺസർഷിപ്പ്** |

| | | | | |
|---|---|---|---|---|
| നല്ല വായനക്കാരനാവുക. | | | | |
| എഴുത്ത് എഴുതാനുള്ള കഴിവ് വികസിപ്പിക്കുക ക്ലാസ് കൈയെഴുത്ത് | ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. മികച്ച മാഗസിന് സമ്മാനം നൽകും കൈയെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്ക്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | സെപ്റ്റംബർ - നവംബർ | | പൂർവ്വ വിദ്യാർത്ഥികൾ അധ്യാപകർ |
| അറിവിൻ തിളക്കം അറബിയിൽ അറിവ് നേടുക | ഓരോ മാസവും നിശ്ചിത തീയതിയിൽ ക്വിസിൻെറ ചോദ്യങ്ങൾ തയ്യാറാക്കി സ്ക്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽനിന്നും ശരിയുത്തരം കണ്ടെത്തി ഒരാൾക്ക് സമ്മാനം നൽകുന്നു. | | | |

| | | | | |
|---|---|---|---|---|
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു.<br><br>മത്സരങ്ങൾ നടത്തുന്നു | **JULY AUGUST** | സ്റ്റേജ്- സൗണ്ട്ബോക്സ് | അധ്യാപകർ |
| ദിനാചരണങ്ങൾ ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു. | | നവംബർ | കമ്പ്യൂട്ടർ, ടി വി, പ്രൊജക്ടർ | അധ്യാപകർ |
| ആസ്വാദനം | ആസ്വാദനം എന്നിവ ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, ആനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | **JANUVARY** | കമ്പ്യൂട്ടർ, ടി വി, പ്രൊജക്ടർ | അധ്യാപകർ |
| അറബിക് ഫെസ്റ്റ് | അറബി ഭാഷയെക്കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | | | അധ്യാപകർ |
| അറബിക് ലാംഗേജ് ലാബ് | ലാംഗേജ് ലാബ് തനതായ അറബി ഭാഷ | **DECEMBER** | കമ്പ്യൂട്ടർ, ടി വി, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | | | |

# ENGLISH

| PROBLEMS | SOLUTION | AMOUNT | AGENCY |
|---|---|---|---|
| Ineffective teaching | Workshop for teachers by language experts | Rs. 10,000 | PTA |
| DEFECTIVE pronunciation | Language lab Readers Theatre | Rs.50,000 | PTA |
| Lack of communication skills | . Theatre workshop<br>. English Assembly<br>. Debates & seminar<br>. Developing translation skills | Rs. 20,000 | BRC PTA |
| Addressing slow learners | . Special coaching classes<br>. Action research | Rs. 3,000 | English teachers |
| Support to Gifted Special Coaching class Rs. 5000 PTA & | Special Coaching class Rs. 5000 PTA & | Rs. 5000 | English teachers |
| Insufficient vocabulary | . Word games<br>. English spelling Contest<br>. Dictionary Making | Rs. 500 | English teachers & Students |
| Illegible handwriting . . | . . English Pen friends<br>. English diary | | English teachers and students |

| | | | |
|---|---|---|---|
| | . | | |

pronunciation

.

□□□□□□

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും ഹിന്ദി നന്നായി വായിക്കാനും എഴുതാനുമുള്ള ശേഷി ഉറപ്പിക്കുക. ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കുക. | അക്ഷരം, ചിഹ്നംനിർമ്മാണം, വാക്യ നിർമ്മാണം, ആശയ രൂപീകരണം എന്നിവയ്ക്ക് ഊന്നൽ. പിന്നോക്കക്കാർക്ക് പ്രത്യേകം ക്ലാസ്സ് | ജൂലായ് | അധ്യാപകർ | | |
| 2 □□ □□□□ □□□□□ .... ഹിന്ദി ഭാഷാ താതാപര്യം വളർത്തി അനായാസമായി ഹിന്ദി കേട്ടു മനസ്സിലാക്കാനും സംസാരിക്കാനും കൈകാര്യം ചെയ്യാനും പ്രാപ്തരാക്കുക | ഹിന്ദി ക്ലബിൻറെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് ചെറുനാടകങ്ങൾ, കുട്ടികൾക്കായുള്ള ഹിന്ദി സിനിമ, കാർട്ടൂൺ പ്രദർശനം, | മാസത്തിൽ 2 തവണ എല്ലാ ആഴ്ചകളിലും<br><br>എല്ലാ മാസവും | ഹിന്ദി അധ്യാപക ഹിന്ദി ക്ലബ് | | |

| | | | | | |
|---|---|---|---|---|---|
| . | | | | | |
| 3 ഹിന്ദി വായന പരിപോഷിപ്പിക്കൽ സർഗ്ഗാത്മക ശേഷി വികസനം | . ക്ലാസ് നിലവാരം അനുസരിച്ച് ക്ലാസ് ലൈബ്രറി സജ്ജമാക്കാനായി ക്ലാസുവരെയുള്ള പുസ്തകങ്ങൾ NBT യുടെ പുസ്തകങ്ങൾ NCERT 1 മുതൽ 5 , മറ്റു ചിത്രപുസ്തകങ്ങൾ എന്നിവ ശേഖരിക്കൽ, വായനക്കൂട്ടം ശക്തമാക്കൽ നാടകം, കഥ, കവിത, ചിത്ര വായന/രചന, ക്യാമ്പുകൾ സംഘടിപ്പിച്ച് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ (കൈയെഴുത്തു മാസിക) (പാഠഭാഗവുമായി ബന്ധപ്പെട്ട്) .പത്രവായന പ്രോത്സാഹിപ്പിക്കാനായി പത്രക്വിസ് . ഹിന്ദി വാർത്ത വായന | . ആഴ്ചയിൽ ഒരു ദിവ. സം സെപ്റ്റംബർ മാസം | ഹിന്ദി അധ്യാപക | | |

# സാമൂഹ്യ ശാസ്ത്രം

**ഉപമേഖല- വായനാ കോർണർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| വർത്തമാനകാല സംഭവങ്ങളെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിലൂടെ ഒറ്റലോകം എന്ന കാഴ്ചപ്പാട് വളർത്തിയെടുക്കുന്നു | വിലയിരുത്തുകയും അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ല സുകൾ എന്നിവ ലഭ്യമാക്കുക. ക്വിസ് മത്സരം | മാസത്തിൽ 1 തവണ | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ് കൺവീനർ | | |

ഉപമേഖല- പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| പഠനയാത്രയിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, പുരാവസ്തുക്കൾ തുടങ്ങിയവ നേരിട്ട് മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയവയിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 5000 രൂപ | PTA |

ഉപമേഖല- ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാ | ഉറവിടം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | മ്പ ത്തി കം | |
| • രാജ്യത്തിനു വേണ്ടി പ്രയത്നിച്ച ധീര വ്യക്തികളെ ഓർമ്മിക്കുന്നു.<br>• വിവിധ ശേഷി വികസനം. | . ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനങ്ങൾ ആചരിക്കുന്നത്<br>സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ.<br>. പഠനപ്രവർത്തനം | . ജൂൺ മുതൽ മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ | | PTA |

ഉപമേഖല- മോക്ക് പാർലമെൻറ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും ജനാധിപത്യ ബോധം ഉളവാക്കുന്നതിനും | . സ്ക്കൂൾ പാർലമെൻറ് രൂപീകരണം.<br>. മോക്ക് പാർലമെൻറ് അവതരണം. | ആഗസ്റ്റ്/ സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | സാമൂഹ്യശാസ്ത്ര ക്ലബ് |

ഉപമേഖല- ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| സമൂഹത്തെ കാർന്നു തിന്നുന്ന ലഹരിവസ്തുക്കളെ | ബോധവൽക്കരണ ക്ലാസുകൾ , സ്കൂൾ സോഷ്യൽ | ജൂൺ 26 സാമൂഹ്യശാസ്ത്ര അധ്യാപ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 5000 രൂപ | PTA |

| | | | | | |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിലെ പുതിയ അറിവുകൾ കണ്ടെത്തൽ | എല്ലാ കുട്ടികൾക്കും വായിക്കാൻ പറ്റുന്ന വിധത്തിൽ സാമൂഹ്യശാസ്ത്ര വായന കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക. വിവരങ്ങൾ update ചെയ്ത് ഒട്ടിക്കുന്നു | എല്ലാ ദിവസവും | സാമൂഹ്യശാസ്ത്ര ക്ലബ് | 500 രൂപ | |

ഉപമേഖല- ലഹരിക്കെതിരെ സാമൂഹ്യ ബോധവൽക്കരണം

| | | | | | |
|---|---|---|---|---|---|
| കുറിച്ച് കുട്ടികളിൽ ബോധവൽക്കരണം നടത്തൽ. | സർവ്വീസ് സ്കീം-ഉം സാമൂഹ്യശാസ്ത്ര ക്ലബും ചേർന്ന് ലഹരിവിരുദ്ധ റാലി. | കർ | ,ബന്ധപ്പെട്ട റിസോർസ് വ്യക്തികൾ | | |

ഉപമേഖല- സംവാദം-- സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| കുട്ടികളുടെ അറിവ് വർധിപ്പിക്കുന്നതോടൊപ്പം സംസാരിക്കാനുള്ള കഴിവ് ഉയർത്തുന്നു. | സമകാലീന പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ | 26 സാമൂഹ്യശാസ്ത്ര അധ്യാപകർ, ബന്ധപ്പെട്ട റിസോർസ് വ്യക്തികൾ | 5000 | PTA |

ഉപമേഖല- പരിസ്ഥിതി സംരക്ഷണം -- അവബോധം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം-സുസ്ഥിര വികസനം എന്നിവയിൽ അവബോധം | പരിസ്ഥിതി യാത്ര. ECO ക്ലബുമായി ചേർന്ന് വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുന്നു. | വർഷത്തിൽ 3 തവണ | സാമൂഹ്യശാസ്ത്ര ക്ലബ് SEED | 800 രൂപ | 8 സാമൂഹ്യശാസ്ത്ര ക്ലബ് |

# ഫിസിക്കൽ സയൻസ്

| SL NO | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സയൻസിനോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | ലാബ് നവീകരണംകൂടുതൽ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാൻ | അക്കാദമിക വർഷം | അധ്യാപകർ | 15000 |
| 2 | Yip ,inspire awardആശയ രൂപീകരണത്തിന് വേണ്ടി ഐഡിയ ബോക്സ് സ്ഥാപിയ്ക്കൽ | സയൻസ് ക്ലബ്ബിന്ററെ നേതൃത്വത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നു | July to September | അധ്യാപകർ, കുട്ടികൾ | 5000 |
| 3 | ദിനാചരണങ്ങൾ | പരിസ്ഥിതി ദിനാചരണം - ക്വിസ് ,വൃക്ഷതൈകൾ നടൽ ,ഹരിത വിദ്യാലയം ,പതിപ്പ് നിർമാണം. ഡോക്യുമെന്ററി പ്രദർശനം | June,July , September, | അധ്യാപകർ, കുട്ടികൾ | |

| | | | | | |
|---|---|---|---|---|---|
| | | ചാന്ദ്രദിനം -ക്വിസ്, role play,ഡോക്യുമെന്ററി പ്രദർശനം .<br>ഓസോൺ ദിനം<br>ബോധവത്കരണ ക്ലാസ്<br>പോസ്റ്റർ നിർമാണം<br>ശാസ്ത്രദിനം<br>കുട്ടിശാസ്ത്രജ്ഞന്മാർ | February | | |
| **4** | ശാസ്ത്രമേള | Expertക്ലാസ് ,ശില്പശാല , സ്കൂൾ തല മത്സരങ്ങൾ, കുട്ടികളെ തിരഞ്ഞെടുക്കൽ | September, October, November | അധ്യാപകർ, കുട്ടികൾ | |
| **5** | ശാസ്ത്രവബോധം വളർത്തുന്നതിന് | പരീക്ഷണ കളരി , ശില്പശാല ,സ്കൂൾ തല സയൻസ് മാസികതയ്യാറാക്കൽ ,മത്സരങ്ങൾ | October, November | അധ്യാപകർ, കുട്ടികൾ | |

# ബയോളജി

| Sl No | പ്രവർത്തനങ്ങൾ | ലക്ഷ്യം | പദ്ധതി | ചുമതല | തുക |
|---|---|---|---|---|---|
| 1 | Say no to drugs ബോധവൽക്കരണ ക്ലാസുകൾ | ലഹരി മുക്ത വിദ്യാലയം | വിമുക്തി | Health club ,JRC PTA | 5000 |
| 2 | ആരോഗ്യ ബോധവത്കരണ ക്ലാസ് ,മഴക്കാല രോഗങ്ങൾ | മഴക്കാല പകർച്ചവ്യാധികളുടെ വ്യാപനം തടയൽ | ആരോഗ്യം | Health club ,JRCPTA,school clubs,PHC | 5000 |
| 3 | ആരോഗ്യം PHC,സഹായത്തോടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും കാഴ്ചശക്തി പരിശോധന | നേത്ര പരിശോധന ,രക്തഗ്രൂപ് നിർണയം ,BMI | ആരോഗ്യം | Health club | 3000 |
| 4 | ശുചിത്വ വിദ്യാലയം | സ്കൂളും പരിസരവും ശുചിയാക്കൽ | പരിസ്ഥിതി സംരക്ഷണം | ഹെൽത്ത് ക്ലബ് ,PTA | 2000 |
| 5 | പച്ചക്കറിതോട്ട നിർമാണം | കാർഷിക താല്പര്യം വളർത്തുക | കൃഷി | 8th std students | 3000 |

# ഗണിതം

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ | സാമ്പത്തികം | ചുമതല |
|---|---|---|---|
| 1 ഗണിതലാബിൻെറ അപര്യാപ്തത | സ്കൂളിൽ ഗണിത ലാബ് | 20000 രൂപ | PTA & BRC |
| 2 ഫലപ്രദമല്ലാത്ത അധ്യാപനം | അധ്യാപകർക്കുള്ള ശില്പശാല കൂടാതെ ജിയോജിബ്ര പോലുള്ള ICT പരിശീലനം നൽകുക | 10000 രൂപ | BRC & KITE |
| 3അടിസ്ഥാന ഗണിതക്രിയകളിലുള്ള വിടവ് | | | TEACHERS STUDENTS |
| 4 പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തി കൊണ്ടു വരാൻ | സ്പെഷ്യൽ കോച്ചിങ് ക്ലാസ്<br>2500 രൂപ MATHS TEACHERS | 2500 രൂപ | MATHS TEACHERS |
| 5 Gifted students നെ പ്രോത്സാഹിപ്പിക്കൽ | സ്പെഷ്യൽ കോച്ചിങ് ക്ലാസ് | | PTA & TEACHERS |
| 6 ഗണിതമേളകളിലെ ഇനങ്ങളെ കുറിച്ചുള്ള ധാരണയില്ലായ്മ | കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകി, ശില്പശാല സംഘടിപ്പിക്കുക | | TEACHERS |
| 7ഗണിതലൈബ്രറിയുടെ അപര്യാപ്തത ഗണിതലൈബ്രറി സജ്ജമാക്കുക | ഗണിതലൈബ്രറി സജ്ജമാക്കുക | | TEACHERS STUDENTS PTA |
| 8 നിർമ്മിതികളിലെ ശേഷി | ഇൻസ്ട്രുമെൻറ് ബോക്സിൻെറ | | TEACHERS & STUDENTS |

| | | | |
|---|---|---|---|
| കൈവരിക്കൽ | ലഭ്യത, ക്ലാസ് | | |
| 9 ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | | അധ്യാപകർ, PTA |
| 10 ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുത്തൽ | ശിൽപ്പാല നടത്തുന്നു, ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | | |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | | ഗണിത അധ്യാപകർ, ഗണിത ക്ലബ് |
| 11രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി ടി എ | | അധ്യാപകർ, HM, PTA PRESIDENT |

# ഭൗതികം

• ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ്സ് മുറികൾ

• ശിശുസൗഹൃദ ഫർണിച്ചറുകൾ

• ആധുനിക സാങ്കേതിക വിദ്യാ സൗകര്യമുള്ള പഠനസംവിധാനങ്ങൾ

• പാഠ്യേതരപ്രവർത്തനങ്ങൾക്കുള്ള അധുനിക സൗകര്യങ്ങൾ

• ആധുനിക സൗകര്യങ്ങളുള്ള ശൗചാലയങ്ങൾ (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും

പ്രത്യേകമായി)

• ശുദ്ധജല വിതരണ സംവിധാനങ്ങൾ

• പ്രത്യേകമായി സംവിധാനം ചെയ്ത കളിയിടങ്ങൾ, കായിക പരിശീലന സംവിധാനങ്ങൾ

• ജൈവവൈവിധ്യോദ്യാനം

സാമൂഹിക പങ്കാളിത്തം

- കൂടുതൽ കുട്ടികൾ വിദ്യാലയത്തിലേക്ക്
- ലഹരിമുക്ത/ മദ്യമുക്ത വിദ്യാലയം
- സുരക്ഷിത ബാല്യം, സുന്ദര ബാല്യം
- ഭവനസന്ദർശനം
- പൂർവ്വ വിദ്യാർത്ഥി സംഘടന
- കോർണർ പി ടി എ
- സ്ക്കൂൾ വാർഷികം
- ആതുരാലയങ്ങൾ/വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കൽ

# ഉപസംഹാരം

പൊതുവിദ്യാലയങ്ങൾമികവിൻെറകേന്ദ്രങ്ങളായിമാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്പള്ളിക്കര ഗവൺമെൻറ് ഹയർസെക്കണ്ടറി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക്ഉയർത്തുക എന്ന ലക്ഷ്യം വിഭാവനം ചെയ്ത്, വിദ്യാലയത്തിൻെറ ഭൗതികവും അക്കാദമികവുമായസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിവിധ പദ്ധതികൾആസൂത്രണം ചെയ്തിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് മികച്ചതും സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കണമെങ്കിൽ ഇനിയും ധാരാളം കടമ്പകൾ കടക്കേണ്ടതുണ്ട്.അതിനായിഅധ്യാപകരുംരക്ഷിതാക്കളുംനാട്ടുകാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കഠിന പരിശ്രമത്തിലാണ്. മലയാളം-കന്നടമാധ്യമങ്ങളിലായി എഴുന്നൂറിലധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൻെറ അക്കാദമികനിലവാരം ക്രമമായി ഉയർന്നുവരുന്നതിൻെറ തെളിവാണ് എസ്.എസ്.എൽ.സി പരീക്ഷയിൽ നേടിയനൂറു ശതമാനം വിജയം. ഒപ്പം മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണംവർദ്ധിപ്പിക്കുവാനും പഠന നിലവാരം ഉയർത്തുവാനും പ്രധാന അധ്യാപകനൊപ്പം അധ്യാപകരുംഅശ്രാന്ത പരിശ്രമത്തിലാണ്. നിലവിലുള്ള പരിമിതികൾ പരിഹരിച്ച് മുന്നോട്ട് നീങ്ങുവാൻ ഞങ്ങൾനടത്തുന്ന പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട് ഈ അക്കാദമികമാസ്റ്റർപ്ലാൻ സമർപ്പിക്കുകയാണ്.__